ആദിവാസി മേഖലയിലെ പട്ടിണി മരണം

16 (3415) ശ്രീ. എം. കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ എവിടെയെല്ലാം പട്ടിണിമരണം ഉണ്ടായിട്ടുണ്ട്;

(ബി) ആദിവാസി കോളനികളിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ വേണ്ടി എന്തെല്ലാം പ്രതിരോധ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ കോളനികളിൽ പട്ടിണി മരണം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ പട്ടിണി മരണമായി കണ്ടെത്തിയിട്ടില്ല.

(ബി) പട്ടികവർഗ്ഗ കോളനികളിലെ ആരോഗ്യ പരിപാലനത്തിനും സാംക്രമിക രോഗങ്ങൾ തടയുന്നതിനുംവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും (നെടുമങ്ങാട്, തൊടുപുഴ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 11 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ചേർന്ന് സംസ്ഥാനത്ത് 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ടി യൂണിറ്റുകൾ അവികസിത ദുർഘട പട്ടികവർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് വൈദ്യസഹായം നൽകി വരുന്നു. കൂടാതെ 17 ആയുർവേദ ഡിസ്പെൻസറികൾ, 4 മിഡ്വൈഫറി സെന്ററുകൾ, ഒരു ഗവ: അലോപ്പതി ഡിസ്പെൻസറി, ഒരു ഗവ: ആശുപത്രി എന്നിവ പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. അട്ടപ്പാടി, മാനന്തവാടി ആരോഗ്യ പദ്ധതികളും ഈ രംഗത്ത് സേവനം നടത്തുന്നുണ്ട്. സംസ്ഥാനത്ത് ട്രൈബൽ സബ്പ്ലാൻ ഫണ്ട് വിനിയോഗിച്ച് ആരോഗ്യവകുപ്പിന്റെ കീഴിൽ 64 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഇടുക്കി, വയനാട് അട്ടപ്പാടി എന്നിവിടങ്ങളിൽ 123 ഹെൽത്ത് വർക്കർമാരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ പട്ടികവർഗ്ഗ കോളനികളിൽ നിയമിച്ചിട്ടുള്ള, സോഷ്യൽ ആക്ടിവിസ്റ്റുകൾക്ക് ട്രെയിനിംഗ് നൽകി ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ പ്രാരംഭമായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ ബോധവൽക്കരണ ക്ലാസ്സുകൾ, സിനിമാ പ്രദർശനം എന്നിവ നടത്തി വരുന്നു. ഹെൽത്ത് കാർഡുകളിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ 6 മാസം കൂടുമ്പോൾ പുന:പരിശോധിക്കുവാനും അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടത്തക്കതരത്തിലുമാണ് കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. ഈ നടപടികൾ വഴി സാംക്രമിക രോഗങ്ങൾ തടയാൻ കഴിയുമെന്നാണ് കരുതുന്നത്.

സർവീസിൽ തരംതാഴ്ത്തിയ നടപടി

17 (3416) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി വികസന വകുപ്പിൽ കുക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സരസമ്മ കൃഷ്ണൻ എന്ന പട്ടികജാതിക്കാരിയായ വിധവയെ സർവ്വീസിൽ എപ്പോഴെങ്കിലും തരംതാഴ്ത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇവരെ തരം താഴ്ത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) തരം താഴ്ത്തലിനെതിരെ ശ്രീമതി സരസമ്മ കൃഷ്ണൻ സർക്കാരിന് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ശ്രീമതി. സരസമ്മ കൃഷ്ണനെതിരെ അന്യായമായി അച്ചടക്ക നടപടി സ്വീകരിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുകയും തരംതാഴ്ത്തൽ നടപടി പിൻവലിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോസ്റ്റലിൽ നൽകിയിരുന്ന ഭക്ഷണം പാകം ചെയ്യുന്നതിൽ അപാകതയുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാ വെൽഫയർ ആഫീസർ ടിയാളെ കുക്കായി തരം താഴ്ത്തിയത്. 16.10.85 ലെ കെ. 2-10089/83 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി[+] ചേർത്തിട്ടുണ്ട്.

(സി) തരം താഴ്ത്തൽ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ടിയാൾക്ക് അർഹതപ്പെട്ട കുടിശ്ശിക ആനുകൂല്യങ്ങൾ അനുവദിക്കാൻ അപ്പീൽ അധികാരിയായ പട്ടികജാതി വികസന ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തു.

(ഡി) തരം താഴ്ത്തൽ ഉത്തരവ് പുറപ്പെടുവിച്ച ജില്ലാ ആഫീസർ സേവനത്തിൽനിന്നും പിരിഞ്ഞുകഴിഞ്ഞതിനാൽ ടിയാൾക്കെതിരെ നടപടികളൊന്നും സ്വീകരിച്ചില്ല. ശ്രീമതി സരസമ്മ കൃഷ്ണനെ തരം താഴ്ത്തിയ ഉത്തരവ് പിൻവലിച്ചിട്ടുണ്ട്.

അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി

18 (3417)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.1996 മുതൽ 31.12.1999 വരെ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ കാഞ്ഞിരപ്പള്ളി താലൂക്ക് പട്ടികജാതി വികസന ഓഫീസർക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓരോന്നിനും പണമായി എന്തുതുകവീതം നല്കി;

(ബി) ഈ പദ്ധതികളിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയവ ഏതെല്ലാം;

[+] അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly